LIBRARY ARCHIVES Kerala Legislative Assembly

ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കയർ കേർപ്പറേഷൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്.

(സി) കയർ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 10, 20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ ലഭ്യതയും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 23000 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. ഉത്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്.

കശുവണ്ടി വ്യവസായ ഉന്നമനം

157(427) ശ്രീ. എം. നൗഷാദ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി മുൻ സർക്കാർ ഫലപ്രദമായി നടപ്പാക്കിയ പദ്ധതികളുടെ തുടർനിർവ്വഹണത്തിനായി ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്?

സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി മുൻ സർക്കാർ ഫലപ്രദമായി നടപ്പാക്കിയ പദ്ധതികളുടെ തുടർ നിർവ്വഹണത്തിനായി 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ സർക്കാർ തുക

വകയിരുത്തിയതിനെ തുടർന്ന് കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവിടങ്ങളിൽനിന്നും രണ്ട് പ്രൊപ്പോസലുകൾ വീതവും കശുമാവ് കൃഷി വികസന ഏജൻസി, കേരള കാഷ്യൂ ബോർഡ് എന്നിവർ ഓരോ പ്രൊപ്പോസൽ വീതവും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ്, കശുമാവ് കൃഷി വികസന ഏജൻസി എന്നിവരുടെ പ്രൊപ്പോസലുകൾ 3-6-2021-ൽ ചേർന്ന ഡിപ്പാർട്ടുമെന്റൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്?

കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് കാഷ്യൂ കൾട്ടിവേഷൻ ഏജൻസി എന്ന പൊതുമേഖലാ സ്ഥാപനം സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത ഏജൻസി തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി നൂതന പദ്ധതികളായ High Density Planting (അതിസാന്ദ്രതാ കൃഷി), Model Cashew Garden (മാതൃകാ കശുമാവ് തോട്ടം) എന്നീ പദ്ധതികൾ തനതുവർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

(സി) സംസ്ഥാനത്ത് കശുവണ്ടി ഉത്പാദനം കൂട്ടാനായി അത്യുല്പാദനശേഷിയുള്ള കശുമാവിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കശുവണ്ടി ഉല്പാദനം കൂട്ടാനായി അത്യൽപാദന ശേഷിയുള്ള കശുമാവിൻ തൈകൾ നട്ട് പിടിപ്പിക്കുന്നതിന് കാഷ്യൂ കൾട്ടിവേഷൻ ഏജൻസി താഴെപ്പറയുന്ന പദ്ധതികൾ ലക്ഷ്യമിടുന്നു.

1. പഞ്ചായത്തുകളുമായി സഹകരിച്ച് വകുപ്പിന്റെ അധീനതയിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ നൽകി കുടുംബശ്രീ/NREGS തൊഴിലാളികളുടെ സഹകരണത്തോടെ കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

2. തദ്ദേശസ്വയംഭരണ വകുപ്പ്, വനം വകുപ്പ്, കൃഷി വകുപ്പ്, NGO എന്നിവയുമായി സഹകരിച്ച് Normal Density Planting (പുതുകൃഷി), High Density Planting (അതിസാന്ദ്രതാ കൃഷി), Model Cashew Garden (മാതൃകാ കശുമാവ് തോട്ടം), മുറ്റത്തൊരു കശുമാവ് പദ്ധതി എന്നീ സ്കീമുകളിൽ തൈകൾ നൽകി കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

3. വനം വകുപ്പ്, റവന്യൂ വകുപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അധീനതയിലുള്ള തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ നൽകി കശുമാവ് കൃഷി വ്യാപനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു.

4. പഞ്ചായത്ത് തലത്തിൽ കശുമാവ് കർഷകരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് കർഷകരുടെ കൂട്ടായ്മയിലൂടെ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുവാൻ കൂടുതൽ കർഷകരെ ആകർഷിക്കുവാനുള്ള സംവിധാനങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്.

5. ബ്ലോക്ക് തലത്തിൽ സ്വയം സഹായ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ കശുവണ്ടിക്ക് ന്യായവില ഉറപ്പവരുത്തി സമയബന്ധിതമായി വിപണനം സാധ്യമാക്കുന്നതിനായി കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു.

6. കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതുവഴി കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് ആവശ്യമായ ബോധവത്കരണം നൽകുന്നതിനും ശാസ്ത്രീയമായ കശുമാവ് കൃഷിരീതികൾ അവലംബിക്കുന്നതിനുമായി കർഷക പരിശീലന പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനും ഫീൽഡുതല സന്ദർശനം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പക്സിന്റെ പെരുമ്പഴ ഫാക്ടറിയിൽ മേൽത്തരം അത്യുല്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉത്പാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500- ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്.

കശുവണ്ടി കോർപ്പറേഷന്റെ കൈവശമുള്ള ഭൂമി ഉപയോഗിക്കുന്നത് സംബന്ധിച്ച്

158(428) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അഴിയൂരിൽ ദേശീയപാതയ്ക്കരികിൽ കശുവണ്ടി കോർപ്പറേഷന്റെ കൈവശമുള്ള ഏക്കർ കണക്കിന് ഭൂമിയും കെട്ടിടങ്ങളും വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിലെ അഴിയൂരിൽ ദേശീയപാതയ്ക്ക് സമീപം കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലവും കെട്ടിടങ്ങളും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽനിന്നും നാടൻ തോട്ടണ്ടി ശേഖരിച്ച് ഉണക്കി സൂക്ഷിക്കുന്നതിനായി ഉപയോഗിച്ചുവരുന്നു.